## മഹാത്മാഗാന്ധി സർവകലാശാല
### സംഗ്രഹം

ജീവനക്കാര്യം – 10–ാം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശിപാർശ പ്രകാരം ഹൗസ് ബിൽഡിംഗ് അഡ്വാൻസിന്റെ പരിധി ഉയർത്തി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണവിഭാഗം എ 3 സെക്ഷൻ**

യു.ഒ.നം.6165//എ3/1/2016/ഭവി. തീയതി, 21 നവംബർ 2016

---

പരാമർശം 1) ജി.ഒ.(പി) നം.7/2016ഫിൻ. തീയതി 20 ജനുവരി 2016.
2) ജി.ഒ.(പി) നം.10/2016ഫിൻ. തീയതി 21 ജനുവരി 2016
പുറത്തെഴുത്ത് നം.700/എഡി.എ3/2/2016/ഭവി. തീയതി 04/02/2016.
3) 05/11/2016ലെസിൻഡിക്കേറ്റിന്റെ മിനിറ്റ്സ് ഐറ്റം നം63/16.06/161725.

**<u>ഉത്തരവ്</u>**

മേൽസൂചന (1) പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം 10–ാം ശമ്പള പരിഷ്കരണകമ്മീഷന്റെ ശിപാർശപ്രകാരം 01/07/2014 മുതൽ മുൻകാല പ്രാബല്യത്തോടെ നടപ്പിൽ വരുത്തിയിട്ടുണ്ട്. ടി ശമ്പളപരിഷ്കരണം സർവകലാശാലാ ജീവനക്കാർക്ക് ബാധകമാക്കിക്കൊണ്ട് സൂചന (2) പ്രകാരം സർക്കാർ പ്രത്യേകം ഉത്തരവ് ഇറക്കിയിരുന്നു. എന്നാൽ സൂചന (1) ഉത്തരവിലെ ഖണ്ഡിക 31 പ്രകാരം 01/04/2016 മുതൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസിന്റെ പരിധി 20 ലക്ഷമായി ഉയർത്തിയിരുന്നത് സർവകലാശാല ജീവനക്കാർക്ക് ബാധകമാക്കിയിരുന്നില്ല.

05/11/2016ൽ കൂടിയ സർവകലാശാലഭരണസമിതിയുടെ യോഗം ഇക്കാര്യം പരിഗണിക്കുകയും സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള ഭവനനിർമ്മാണവായ്പയ്ക്ക് തത്തുല്യമായ നിരക്കിൽ സർവകലാശാലാ ജീവനക്കാർക്ക് ഭവനനിർമ്മാണ വായ്പ നൽകാൻ സൂചന (3) പ്രകാരം തീരുമാനിക്കുകയും ചെയ്തു.

തദനുസരണം സർവകാലശാലാജീവനക്കാർക്കുള്ള ഭവനനിർമ്മാണവായ്പയുടെ പരിധി നിലവിലുള്ള 10ലക്ഷത്തിൽ നിന്നും 20 ലക്ഷമാക്കി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ശ്രീലത എൻ.
അസിസ്റ്റന്റ് രജിസ്ട്രാർ I (ഭവി.)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ് :
1. ബന്ധപ്പെട്ട സെക്ഷനുകൾ
2. വി.സി., പി.വി.സി. എന്നിവരുടെ പേഴ്സണൽ സെക്രട്ടറിമാർ.
3. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റുമാർ.
4. ജോയിന്റ് ഡയറക്ടർ, കെ.എസ്.എ.ഡി. എം.ജി.യു./എ.ആർ I/ഡി.ആർ. I/ജെ.ആർ. I(ഭ.വി.).
5. സി.എം.എസ്./ഐ.ക്യൂ.എ.സി/എഡി.ബി.1./എ.സി.സി.
6. റിക്കാർഡ്സ് സെക്ഷൻ/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി.

ഫയൽ നമ്പർ:എഡി.എ3/2858/2011/ഭ.വി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ